| 07–11–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– ജാഗ്രതയോടെ പഠിപ്പിൽ പൂർണ്ണ ശ്രദ്ധ കൊടുക്കൂ, ശിവബാബ യോടാണ് ഞങ്ങൾക്ക് ഡയറക്ട് കണക്ഷൻ എന്നല്ല, ഇങ്ങനെ പറയുന്നതും ദേഹാഭിമാനമാണ്.**

**ചോദ്യം–** ഭാരതം അവിനാശിയായ തീർത്ഥസ്ഥാനമാണ്– എങ്ങിനെ?
**ഉത്തരം–** ഭാരതം അച്ഛന്റെ ജന്മസ്ഥാനമായതിനാൽ അവിനാശീ ഖണ്ഡമാണ്, ഈ അവിനാശീ ഖണ്ഡത്തിൽ സത്യ–ത്രേതായുഗങ്ങളിൽ ദേവീദേവതകൾ രാജ്യം ഭരിച്ചിരുന്നു, ആ സമയത്തെ ഭാരതത്തെ ശിവാലയം എന്നാണ് വിളിച്ചത്. പിന്നീട് ഭക്തിമാർഗ്ഗത്തിൽ ജഢമൂർത്തികളെ നിർമ്മിച്ച് പൂജചെയ്യുന്നു, ശിവക്ഷേത്രങ്ങളും അനേകം നിർമ്മിക്കുന്നു അതിനാൽ ഈ സമയത്തും തീർത്ഥസ്ഥാനമാണ് അതിനാൽ ഭാരതത്തെ അവിനാശീ തീർത്ഥസ്ഥാനമെന്ന് പറയാൻ സാധിക്കും.

**ഗീതം–** രാത്രിയിലെ യാത്രക്കാരാ, ക്ഷീണിക്കരുത്..........

**ഓംശാന്തി.** ഓ രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത് എന്ന് ആരാണ് ശ്രദ്ധയുണർത്തുന്നത്? ഇത് ശിവബാബയാണ് പറയുന്നത്. ചില കുട്ടികൾ ഇങ്ങനെ കരുതുന്നു എന്റേത് ശിവബാബ മാത്രമാണ്, ശിവബാബയുമായി എനിക്ക് ഡയറക്ട് കണക്ഷനാണ്. പക്ഷേ ശിവബാബ കേൾപ്പിക്കുന്നത് തീർച്ചയായും ബ്രഹ്മാമുഖത്തിലൂടെയല്ലേ. ചിലർ കരുതുന്നു ശിവബാബ എനിക്ക് നേരിട്ട് പ്രേരണ നൽകുകയാണ്. പക്ഷേ ഈ ചിന്തിക്കുന്നത് തെറ്റാണ്. ശിവബാബ തീർച്ചയായും ബ്രഹ്മാമുഖത്തിലൂടെയേ പഠിപ്പിക്കൂ. നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ് കുട്ടികളേ ക്ഷീണിച്ചുപോകരുത്. ശിവബാബയുമായി നിങ്ങൾക്ക് കണക്ഷനുണ്ട്, നല്ലത് തന്നെ . ശിവബാബയും പറയുന്നത് മന്മനാഭവ എന്നുതന്നെയാണ്. ബ്രഹ്മാബാബയും പറയുന്നു മന്മനാഭവ. അതിനാൽ ബ്രഹ്മാകുമാരന്മാരും കുമാരിമാരും പറയുന്നു മന്മനാഭവ. പക്ഷേ ശ്രദ്ധയുണർത്താൻ മുഖം ആവശ്യമാണല്ലോ. ചില കുട്ടികൾ കരുതുന്നു ഞങ്ങൾക്ക് ശിവബാബയോടാണ് കണക്ഷൻ. പക്ഷേ നിർദ്ദേശങ്ങൾ ബ്രഹ്മാവിലൂടെയല്ലേ തരുക. അഥവാ നിർദ്ദേശങ്ങൾ നേരിട്ട് ലഭിക്കുകയാണെങ്കിൽ പിന്നെ ബാബക്ക് ഇവിടെ വരേണ്ട ആവശ്യം തന്നെ എന്താണ്? ഇങ്ങനെ ചിന്തിക്കുന്ന കുട്ടികളുമുണ്ട്– ശിവബാബയ്ക്ക് ബ്രഹ്മാവിലൂടെ സംസാരിക്കാൻ കഴിയുമെങ്കിൽ നമ്മളിലൂടെയും സംസാരിക്കാൻ സാധിക്കും. പക്ഷേ ബ്രഹ്മാവില്ലാതെ കണക്ഷൻ ഉണ്ടാവില്ല. ചില കുട്ടികൾ ബ്രഹ്മാവിനോട് അല്ലെങ്കിൽ ബ്രഹ്മാകുമാർ–കുമാരിമാരോട് പിണങ്ങുമ്പോൾ ഇങ്ങനെ പറയുന്നു. ശിവബാബയോട് യോഗം വെയ്ക്കുകതന്നെ വേണം. അച്ഛന് കുട്ടികൾക്ക് പഠിപ്പിൽ ശ്രദ്ധ നൽകുന്നതിനുവേണ്ടി പറയേണ്ടിവരുകയാണ്. അച്ഛൻ മനസ്സിലാക്കിത്തരുന്നു നിങ്ങൾ സമയത്തിന് ക്ലാസിലേയ്ക്ക് വരുന്നില്ല, ഇത് ആരാണ് പറഞ്ഞത്? ശിവബാബയും ബ്രഹ്മാദാദയും രണ്ടുപേരും പറഞ്ഞു, രണ്ടുപേരുടേയും ശരീരം ഒന്നാണ്. അതിനാൽ പറയുന്നു ജാഗരുകരായി പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധനൽകൂ. ഉയർന്നതിലും ഉയർന്ന അച്ഛനാണ് പഠിപ്പിക്കുന്നത്. ആദ്യം ശിവബാബയുടെ മഹിമ ചെയ്യണം. ബാബയുടെ മഹിമ വളരെ ഉയർന്നതാണ്. ബാബയുടെ മഹിമ അനന്തമാണ് . അച്ഛന്റെ മഹിമകളുടെ വളരെ നല്ല നല്ല പദങ്ങളുണ്ട് എന്നിട്ടും കുട്ടികൾ ചിലപ്പോൾ മറന്നുപോകുന്നു. വിചാരസാഗര മഥനം ചെയ്ത് ബാബയുടെ മുഴുവൻ മഹിമകളും എഴുതണം.

പുതിയ മനുഷ്യൻ എന്ന് ആരെയാണ് പറയുന്നത്? തീർച്ചയായും സ്വർഗ്ഗത്തിലെ പുതിയ മനുഷ്യൻ കൃഷ്ണനാണ്. പക്ഷേ ഈ സമയത്ത് ബ്രാഹ്മണരുടെ കുടുമയെക്കുറിച്ചാണ് പാടിയിട്ടുള്ളത്. കുട്ടികൾക്ക് ജന്മം നൽകിയശേഷം പഠിപ്പിക്കുന്നു. അഥവാ ലക്ഷ്മീ നാരായണന്മാരെ പുതിയ മനുഷ്യർ എന്നു പറയുകയാണെങ്കിൽ അവർക്ക് ശിക്ഷണം കൊടുക്കേണ്ട ആവശ്യം തന്നെയില്ല. എങ്കിൽ ഇപ്പോൾ പുതിയ മനുഷ്യൻ ആരാണ്? ഇത് മനസ്സിലാക്കേണ്ടതും മനസ്സിലാക്കിക്കൊടുക്കേണ്ടതുമായ വളരെ വലിയ കാര്യമാണ്. അച്ഛൻ സർവ്വശക്തിവാനാണ്, വിശ്വത്തിന്റെ സർവ്വാധികാരിയാണ്. വിശ്വത്തിന്റെ സർവ്വശക്തിവാൻ എന്ന പദം അച്ഛന്റെ മഹിമകളിൽ എഴുതാൻ മറന്നുപോകുന്നു. ഭാരതം അവിനാശിയായ തീർത്ഥസ്ഥാനമാണെന്ന് ഭാരതത്തിന്റെ മഹിമ പാടുന്നു, എന്തുകൊണ്ട്? തീർത്ഥാടനങ്ങൾ ഭക്തിമാർഗ്ഗത്തിലാണുണ്ടാകുന്നത്. എങ്കിൽ പിന്നെ ഭാരതത്തെ അവിനാശീ തീർത്ഥസ്ഥാനമെന്ന് പറയാൻ എങ്ങനെ സാധിക്കും? എങ്ങിനെയാണ് അവിനാശീ തീർത്ഥസ്ഥാനമാകുന്നത്? സത്യയുഗത്തെ നമുക്ക് തീർത്ഥസ്ഥാനമെന്ന് പറയാൻ സാധിക്കുമോ? നമ്മൾ ഭാരതം അവിനാശീ തീർത്ഥസ്ഥാനമാണെന്ന് എഴുതുന്നു എന്തുകൊണ്ട്? വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണം ഞാ, സത്യ–ത്രതായുഗങ്ങളിലും ഇവിടം തീർത്ഥസ്ഥാനമായിരുന്നു, ദ്വാപര–കലിയുഗങ്ങളിലും തീർത്ഥസ്ഥാനമാണ്. അവിനാശീ എന്നു പറയുന്നതിനാൽ നാലുയുഗങ്ങളിലും സിദ്ധമാക്കി പറ

ഞ്ഞുകൊടുക്കണം. തീർത്ഥാടനങ്ങൾ ആരംഭിക്കുന്നത് ദ്വാപരം മുതലാണ്. എങ്കിൽ ഭാരതം അവിനാശീ തീർത്ഥസ്ഥാനമാണെന്ന് നമുക്ക് എഴുതാൻ കഴിയുമോ? സത്യ-ത്രേതായുഗങ്ങളിലും തീർത്ഥസ്ഥാനമായിരുന്നു, ഇവിടെ ചൈതന്യ ദേവീദേവതകൾ വസിച്ചിരുന്നു. ഇവിടെയുള്ളത് ജഢതീർത്ഥമാണ്, ശിവാലയമായിരുന്നപ്പോൾ അവിടെയുണ്ടായിരുന്നത് ചൈതന്യത്തിലുള്ള സത്യം സത്യമായ തീർത്ഥമാണ്. ഈ കാര്യങ്ങൾ അച്ഛനാണ് വന്നിരുന്ന് മനസ്സിലാക്കിത്തരുന്നത്. ഭാരതമാണ് അവിനാശീ ഖണ്ഡം. ബാക്കി എല്ലാം വിനാശമാകും. ഈ കാര്യങ്ങൾ ഒരു മനുഷ്യനും അറിയില്ല. പതിതപാവനനായ അച്ഛൻ ഇവിടെ വന്ന് ആരെയാണോ പാവന ദേവീദേവതയാക്കി മാറ്റുന്നത് അവരാണ് പിന്നീട് ഈ ശിവാലയത്തിൽ വസിക്കുന്നത്. ഇവിടെയാണെങ്കിൽ ഭദ്രീനാഥ്, അമർനാഥിലേയ്ക്ക് പോകേണ്ടി വരുന്നു. അവിടെ ഭാരതം തന്നെ തീർത്ഥസ്ഥാനമാണ്. അവിടെ ശിവബാബയുണ്ട് എന്നല്ല പറയുന്നത്. ശിവബാബ ഇപ്പോഴാണുള്ളത്. മുഴുവൻ മഹിമയും ഇപ്പോഴത്തേതാണ്. ഇത് ശിവബാബയുടെ ജന്മസ്ഥലമാണ്. ഇത് ബ്രഹ്മാവിന്റെ ജന്മസ്ഥലവും കൂടിയാണ്. ശങ്കരന്റെ ജന്മസ്ഥലം എന്ന് പറയാറില്ല. ശങ്കരന് ഇവിടെ വരേണ്ട ആവശ്യം തന്നെയില്ല. ശങ്കരൻ വിനാശാർത്ഥം നിമിത്തമായിരിക്കുകയാണ്. വിഷ്ണു വന്ന് രണ്ട് രൂപങ്ങളിൽ രാജ്യം ഭരിക്കുന്നു, പാലന ചെയ്യുന്നു. വിഷ്ണുവിന്റെ രണ്ട് രൂപങ്ങൾ യുഗൾസായിട്ടാണ് കാണിക്കുന്നത്. അവരുടെ അടയാളമാണ് വിഷ്ണു. അവർ സത്യയുഗത്തിലാണ് വരുന്നത്. അതിനാൽ നമുക്ക് ചെയ്യേണ്ടത് ഒരച്ഛന്റെ മഹിമയാണ്. ബാബ രക്ഷകനുമാണ്. ലോകരാണെങ്കിൽ ധർമ്മസ്ഥാപകരേപ്പോലും രക്ഷകർ എന്നു വിളിക്കുന്നു. ക്രിസ്തു, ബുദ്ധൻ മുതലായവരെ രക്ഷകർ എന്നു വിളിക്കുന്നു. അവർ സമാധാനം സ്ഥാപിക്കാനായി വന്നവരാണെന്ന് കരുതുന്നു. പക്ഷേ അവർ സമാധാനം സ്ഥാപിക്കുകയോ ആരെയെങ്കിലും ദുഃഖത്തിൽ നിന്നും മോചിപ്പിക്കുകയോ ചെയ്യുന്നില്ല. അവർക്ക് ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്യേണ്ടത്. അവരുടെ പുറകിൽ അവരുടെ ധർമ്മത്തിലുള്ളവർ വരുന്നു. ഈ രക്ഷകൻ എന്ന പദം നല്ലതാണ്. ഇതും തീർച്ചയായും ഇടണം. ഈ ചിത്രങ്ങൾ എപ്പോഴാണോ വിദേശത്ത് പ്രത്യക്ഷമാകുന്നത് അപ്പോളിത് എല്ലാ ഭാഷകളിലും വരും. ലോകർ പോപ്പിന് എത്ര മഹിമ പാടുന്നു. പ്രസിഡണ്ട് മരിച്ചുപോയാൽ എത്ര മഹിമ പാടുന്നു, എത്ര വലിയ ആളാണോ അത്രയും പ്രശംസ ലഭിക്കുന്നു. എന്നാൽ ഈ സമയത്ത് എല്ലാവരും ഒരുപോലെയായി. ഭഗവാനെ സർവ്വവ്യാപി എന്നു പറയുന്നു. എല്ലാ ആത്മാക്കളും തന്റെ അച്ഛനെ കളങ്കപ്പെടുത്തിക്കൊണ്ട് പറയുന്നു ഞങ്ങൾ എല്ലാവരും അച്ഛന്മാരാണ്. ലൗകികത്തിലെ കുട്ടിയ്ക്ക് പോലും പറയാൻ സാധിക്കില്ല ഞാൻ തന്നെയാണ് അച്ഛനെന്ന്. ങാ, എപ്പോഴാണോ അവർക്ക് തന്റെ മക്കളുണ്ടാകുന്നത് അപ്പോൾ ആ കുട്ടികളുടെ അച്ഛനാവും. ഇങ്ങനെ സംഭവിക്കാം. ഇവിടെ നമ്മൾ എല്ലാ ആത്മാക്കളുടേയും അച്ഛൻ ഒന്നാണ്. നമുക്ക് അവരുടെ അച്ഛനാവാനേ സാധിക്കില്ല. പിന്നെ ജ്ഞാനത്തിന്റെ വഴിപ്രകാരം പറയാറുണ്ട് ശിവബാലകനെ അവകാശിയാക്കുന്നുവെന്ന്. ഈ കാര്യങ്ങൾ വളരെ വിരളമായേ ആളുകൾ മനസ്സിലാക്കു. ശിവബാലകനെ അവകാശിയാക്കി ശിവനിൽ ബലിയാകുന്നു. ശിവബാബയിൽ കുട്ടികൾ അർപ്പണമാകുന്നു. ഇത് എക്സ്ചേഞ്ചാണ്. സമ്പത്ത് നൽകുന്നതിന് എത്ര മഹത്വമാണ്. അച്ഛൻ പറയുന്നു ദേഹസഹിതം എന്തെല്ലാമുണ്ടോ അതിന്റെയെല്ലാം അനന്തരാവകാശിയാക്കി എന്നെമാറ്റു. പക്ഷേ ദേഹാഭിമാനം മുറിയുക ബുദ്ധിമുട്ടാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം അപ്പോഴേ ദേഹാഭിമാനം മുറിയൂ. ദേഹീ-അഭിമാനിയായി മാറുക വളരെ പ്രയാസമാണ്. നമ്മൾ ആത്മാക്കൾ അവിനാശിയാണ്. നമ്മൾ സ്വയം ശരീരമാണെന്നു കരുതിയിരിക്കുകയാണ്. ഇപ്പോൾ വീണ്ടും സ്വയം ആത്മാവാണെന്നു മനസ്സിലാക്കണം- ഇതിലാണ് പരിശ്രമം. ഏറ്റവും കലശലായ രോഗം ദേഹാഭിമാനത്തിന്റേതാണ്. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി പരമപിതാ പരമാത്മാവിനെ ഓർമ്മിച്ചില്ലെങ്കിൽ വികർമ്മം വിനാശമാകില്ല.

അച്ഛൻ മനസ്സിലാക്കിത്തരുകയാണ് നല്ലരീതിയിൽ പഠിക്കുകയും എഴുതുകയും ചെയ്താൽ ചക്രവർത്തിയാവും. ശ്രീമതത്തിലൂടെ നടക്കണം, ഇല്ലെങ്കിൽ ശ്രീ ശ്രീയുടെ ഹൃദയത്തിൽ കയറുക എന്നത് അസംഭവ്യമാകും. ഹൃദയത്തിൽ കയറിയാലേ സിംഹാസനത്തിൽ ഇരിക്കാൻ പറ്റൂ. തീർത്തും ദയാഹൃദയരായി മാറണം. മനുഷ്യർ വളരെ ദുഃഖികളാണ്. പക്ഷേ കാണാനാണെങ്കിലോ വളരെ ധനികരും. പോപ്പിനെ നോക്കൂ എത്ര അംഗീകാരമാണ്. അച്ഛൻ പറയുന്നു ഞാൻ എത്ര നിരഹങ്കാരിയാണ്. എന്നെ സ്വാഗതം ചെയ്യാൻ ഇത്രയധികം ചിലവൊന്നും ചെയ്യരുതെന്ന് ലോകത്തുള്ള ആരെങ്കിലും പറയുമോ. ബാബ എവിടെ പോവുകയാണെങ്കിലും ആദ്യം തന്നെ എഴുതിയറിയിക്കും- ഒരു ആർഭാടവും വേണ്ട, സ്റ്റേഷനിലേയ്ക്ക് എല്ലാവരും വരേണ്ടതില്ല, എന്തെന്നാൽ ഞാൻ ഗുപ്തമാണ്. ഇതും ചെയ്യേണ്ട ആവശ്യമില്ല. കാരണം ആർക്കും അറിയില്ല ഇത് ആരാണെന്ന്. ബാക്കി എല്ലാവരേയും അറിയാം. എന്നാൽ ശിവബാബയെ തീർത്തും അറിയില്ല. അതിനാൽ ഗുപ്തമായിരിക്കുന്നതാണ് നല്ലത്. എത്രത്തോളം നിരഹങ്കാരിയാകുന്നോ അത്രയും നല്ലത്. നിങ്ങളുടെ ജ്ഞാനം തന്നെ ശാന്തമായിരിക്കുന്നതിന്റേതാണ്. ഇരുന്ന് അച്ഛന്റെ മഹിമ ചെയ്യണം. ബാബ പതിതപാവനനും സർവ്വശക്തിവാനുമാണെന്നത് അച്ഛനിൽ നിന്ന് തന്നെയാണ് മനസ്സിലാക്കുന്നത്.

അച്ഛനിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കേണ്ടത്. ഇങ്ങനെ കുട്ടികൾക്കല്ലാതെ മറ്റാർക്കും പറയാൻ സാധിക്കില്ല. നിങ്ങൾ പറയും ശിവബാബയിൽ നിന്നും ഞങ്ങൾക്ക് പുതിയ ലോകത്തിന്റെ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ചിത്രവുമുണ്ട്. നമ്മൾ ഈ ദേവതകളേപ്പോലെയായി മാറുകയാണ്. ശിവബാബ നമ്മൾക്ക് ബ്രഹ്മാവിലൂടെ സമ്പത്ത് നൽകുകയാണ്, അതിനാലാണ് ശിവബാബയുടെ മഹിമ പാടുന്നത്. പ്രഥമലക്ഷ്യം എത്ര വ്യക്തമാണ്. നൽകുന്നത് ബാബയാണ്. ബ്രഹ്മാവിലൂടെ പഠിപ്പിക്കുന്നു. ചിത്രങ്ങളിലൂടെ മനസ്സിലാക്കിക്കൊടുക്കണം. ശിവന്റെ ചിത്രങ്ങൾ എത്രയാണ് ഉണ്ടാക്കിയിരിക്കുന്നത്. അച്ഛൻ വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റി എല്ലാവരേയും മുക്തി, ജീവന്മുക്തിയിലേയ്ക്ക് കൊണ്ടുപോകുന്നു. ചിത്രങ്ങളിലും സ്പഷ്ടമാണ് അതിനാലാണ് ബാബ നിർബന്ധിക്കുന്നത് ഇത് എല്ലാവർക്കും നൽകു എങ്കിൽ അവർ അത് കൊണ്ടുപോയി വായിക്കും. ഇവിടെ നിന്നും സാധനങ്ങൾ കൊണ്ടുപോയി വളരെ അലങ്കരിച്ച് വെയ്ക്കുന്നു. ഇത് വളരെ നല്ല സാധനമാണ്. തുണി കൊണ്ടുള്ള കർട്ടനുകളും വളരെ ഉപയോഗമുള്ളതാണ്. ഈ ചിത്രങ്ങളിലും തിരുത്തലുകൾ നടന്നുകൊണ്ടിരിക്കും. രക്ഷകൻ എന്ന വാക്കും അത്യാവശ്യമാണ്. രക്ഷകനായും പതിതവാനനായും മറ്റൊരാളില്ല. തീർച്ചയായും പാവനമായ ആത്മാക്കൾ വരുന്നുണ്ട്, പക്ഷേ അവർ എല്ലാവരേയും പാവനമാക്കി മാറ്റുന്നില്ല. അവരുടെ ധർമ്മത്തിലുള്ളവർക്ക് താഴെ പാർട്ടഭിനയിക്കാനായി വരണം. വിവേകശാലികളായ കുട്ടികൾക്കേ ഈ പോയിന്റ്സ് ധാരണ ചെയ്യാൻ കഴിയൂ.

ശ്രീമത്തിലൂടെ പൂർണ്ണമായി നടക്കാത്തതിനാൽ പഠിക്കുന്നുമില്ല, പിന്നീട് തോറ്റുപോകുന്നു. സ്ക്കൂളിൽ സ്വഭാവവും പരിശോധിക്കും– ഇവരുടെ പെരുമാറ്റം എങ്ങനെയുള്ളതാണ്? ദേഹാഭിമാനം കാരണമാണ് എല്ലാ വികാരങ്ങളും വരുന്നത്. പിന്നീട് ധാരണ ഒട്ടും തന്നെയുണ്ടാകുന്നില്ല. ആജ്ഞാകാരീ കുട്ടികളേയാണ് അച്ഛൻ സ്നേഹിക്കുക. വളരെയധികം പുരുഷാർത്ഥം ചെയ്യണം. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുമ്പോൾ ആദ്യമാദ്യം അച്ഛന്റെ മഹിമകൾ പറഞ്ഞുകൊടുക്കണം. അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നത് എങ്ങനെയാണ്? അച്ഛന്റെ മുഴുവൻ മഹിമകളും എഴുതണം. ചിത്രങ്ങളെ മാറ്റാൻ സാധിക്കില്ല. ബാക്കി പഠിപ്പിക്കേണ്ട കാര്യങ്ങൾ മുഴുവൻ എഴുതണം. അച്ഛന്റെ മഹിമ വേറിട്ടതാണ്. അച്ഛനിൽ നിന്നും കൃഷ്ണന് സമ്പത്ത് ലഭിച്ചു അതിനാൽ കൃഷ്ണന്റെ മഹിമ മറ്റൊന്നാണ്. അച്ഛനെ അറിയാത്തതിനാൽ ഭാരതം വലിയ തീർത്ഥസ്ഥാനമാണെന്നത് മനസ്സിലാക്കുന്നില്ല. ഭാരതം അവിനാശി തീർത്ഥസ്ഥാനമാണെന്നത് സിദ്ധമാക്കി പറഞ്ഞുകൊടുക്കണം. ഇങ്ങനെ നിങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കൊടുത്താൽ മനുഷ്യർ ഇത് കേട്ട് ആശ്ചര്യപ്പെടും. ഭാരതം വജ്രതുല്യമായിരുന്നു പിന്നീട് ഭാരതത്തെ കക്കയാക്കി മാറ്റിയത് ആരാണ്? ഇതിനെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം, വിചാരസാഗര മഥനം ചെയ്യേണ്ടത് വളരെ ആവശ്യമാണ്. ബാബ പെട്ടെന്ന് പറഞ്ഞുതരും ഇതിൽ ഇന്ന തിരുത്തൽ ആവശ്യമാണ്. കുട്ടികൾ ഇങ്ങനെ പറയുന്നില്ല. ബാബ തിരുത്തൽ ആഗ്രഹിക്കുന്നു. ഒരു എഞ്ചിനീയറുണ്ടായിരുന്നു അദ്ദേഹത്തിന് മെഷീനിലെ കേട് മനസ്സിലാക്കാൻ സാധിച്ചില്ല അപ്പോൾ മറ്റൊരു അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞു ഇത് ഇങ്ങനെ ചെയ്താൽ ശരിയാകും, പിന്നീട് അത് ശരിയാവുകയും ചെയ്തു. അപ്പോൾ എഞ്ചിനീയർ വളരെ സന്തുഷ്ടനായി. പറഞ്ഞു ഇദ്ദേഹത്തിന് തീർച്ചയായും അധിക ശമ്പളം നൽകണം. അങ്ങനെ അദ്ദേഹത്തിന്റെ ശമ്പളം വർദ്ധിപ്പിച്ചു. അച്ഛനും പറയുന്നു നിങ്ങൾ ശരിയാക്കു അപ്പോൾ ബാബ ഹായ്, ഹായ് എന്നു പറയും. എങ്ങനെയാണോ ജഗദീഷ് സഞ്ജയനായത്, ചിലപ്പോൾ നല്ല നല്ല പോയിന്റുകൾ പുറത്തെടുക്കും അപ്പോൾ ബാബ വളരെ സന്തുഷ്ടനാകും. കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടാവണം. പ്രദർശികളും മേളകളും നടന്നുകൊണ്ടിരിക്കും. എവിടെ പ്രദർശിനികൾ നടക്കുമ്പോഴും ഇതും കൊണ്ടുപോകണം. ഇവിടെ ബുദ്ധിയുടെ പൂട്ട് തുറക്കണം. എല്ലാവർക്കും സുഖം നൽകണം. സ്ക്കൂളിൽ പഠിക്കുന്നവർ നമ്പർവൈസ് ആയിരിക്കുമല്ലോ. പഠിക്കുന്നില്ലെങ്കിൽ പിന്നെ അവരുടെ സ്വഭാവം മോശമാകും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. ആരോടും പിണങ്ങി പഠിപ്പ് ഉപേക്ഷിക്കരുത്. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് സ്വയത്തോട് ദയ കാണിക്കണം. അച്ഛനുസമാനം നിരഹങ്കാരിയായി മാറണം.

2. നല്ല സ്വഭാവം ധാരണ ചെയ്യണം, എല്ലാവർക്കും സുഖം നൽകണം. ആജ്ഞാകാരിയായിരിക്കണം.

**വരദാനം:- സാരത്തിലേക്ക് വരുന്നതിന്റെ ശക്തിയിലൂടെ സെക്കന്റിൽ ഫുൾസ്റ്റോപ്പിടുന്നവരായ നഷ്ടോമോഹാ സ്മൃതിസ്വരൂപരായി ഭവിക്കട്ടെ.**

അന്തിമത്തിൽ ഫൈനൽ പേപ്പറിന്റെ ചോദ്യമുണ്ടാകും- സെക്കന്റിൽ ഫുൾസ്റ്റോപ്പ്, മറ്റൊന്നും തന്നെ ഓർമ്മ വരരുത്. ബാബയും ഞാനും, മൂന്നാമതൊരു കാര്യമേയില്ല...സെക്കന്റിനുള്ളിൽ എന്റെ ബാബ, രണ്ടാമതാരുമില്ല, ഇത് ചിന്തിക്കുന്നതിലും സമയമെടുക്കുന്നു, പക്ഷെ ഉറച്ചതായിരിക്കണം, ഇളകരുത്. എന്ത്, എന്തുകൊണ്ട് ഈ ചോദ്യങ്ങൾ വരരുത്, എങ്കിൽ നഷ്ടോമോഹാ സ്മൃതി സ്വരൂപരാകാം. അതിനാൽ അഭ്യാസം ചെയ്യൂ, എപ്പോൾ ആഗ്രഹിക്കുന്നുവോ വിസ്താരത്തിലേക്ക് വരൂ, എപ്പോൾ ആഗ്രഹിക്കുന്നുവോ സാരത്തിലേക്ക് വരൂ. ബ്രേക്ക് ശക്തിശാലിയായിരിക്കണം.

**സ്ലോഗൻ:- ആർക്ക് സ്വമാനത്തിന്റെ അഭിമാനമില്ലയോ അവർ തന്നെയാണ് സദാ വിനയമുള്ളവർ.**